**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **951** — **30.06.2015** ലെ മറുപടിക്ക്

**'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | 'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതിയിൽ ഉൾപ്പെടുത്തിയ വാമനപുരം നിയോജക മണ്ഡലത്തിലെ അംബേദ്കർ കോളനി, നെടുന്തേരി കോളനി എന്നിവിടങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | അംബേദ്ക്കർ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, അതിനുള്ള ചുറ്റുമതിൽ, ഫർണിച്ചർ, തെരുവ് വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്വയം തൊഴിൽ പദ്ധതികൾ എന്നീ പ്രവൃത്തികളും കല്ലറ നെടുന്തേരി കോളനിയിൽ ഭവന പുനരുദ്ധാരണം (9 എണ്ണം), റോഡ് ടാറിംഗ്, റീടെയിനിംഗ് വാൾ, റോഡ് കോൺക്രീറ്റിംഗ്, രണ്ട് റോഡുകൾ ബന്ധിപ്പിക്കുന്നത്, പടി നിർമ്മാണം, ഡ്രെയിനേജ്, ബോക്സ് കലുങ്ക്, കുടിവെള്ള വിതരണ പദ്ധതികൾ എന്നീ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദീകരിക്കുമോ; | (ബി) | നെടുന്തേരി കോളനിയിൽ ഒന്നാം ഗഡു തുക 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അംബേദ്ക്കർ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് കോളനികളിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റെടുത്ത പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വീഴ്ചവരുത്തുന്നവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ